LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കളുടെ കൈവശമുള്ള സാധാരണ ബൾബുകളും സി.എഫ്.എൽ.-കളും തിരിച്ചെടുക്കാനും അവ സുരക്ഷിതമായി സംസ്കരിക്കുന്നതിനുമുള്ള ക്രമീകരണവും ഇതിൽ ഉൾപ്പെടുന്നു. ആദ്യഘട്ടത്തിൽ 13.3 ലക്ഷം ഉപഭോക്താക്കൾ 107 ലക്ഷം ബൾബുകൾക്കായി രജിസ്റ്റർ ചെയ്തിരുന്നു. ഇവ വിതരണം ചെയ്യുന്നതിനായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ വാങ്ങുകയും 2021 ജനുവരി മാസം മുതൽ ഇതിന്റെ വിതരണം ആരംഭിക്കുകയും ചെയ്തിരുന്നു. 9-8-2021-ലെ കണക്കനുസരിച്ച് 11.76 ലക്ഷം ഉപഭോക്താക്കൾക്ക് 93.56 ലക്ഷം ബൾബുകൾ വിതരണം നടത്തിക്കഴിഞ്ഞു. ഈ പദ്ധതിയുടെ രജിസ്ട്രേഷനും ബൾബുകളുടെ വിതരണവും ഇപ്പോഴും നടന്നുവരുന്നു. നിലവിലെ കണക്കനുസരിച്ച് 3.35 ലക്ഷം ഉപഭോക്താക്കൾക്ക് 28.5 ലക്ഷം ബൾബുകൾ കൂടി വിതരണം ചെയ്യാനുണ്ട്. ഇവ വിതരണം ചെയ്യുന്നതിനായി 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് കെ.എസ്.ഇ.ബി.എൽ അഡീഷണൽ പർച്ചേസ് ഓർഡർ 24-6-2021-ന് നൽകിയിട്ടുണ്ട്. മൂന്നു മാസത്തിനകം ബൾബുകൾ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ

186(5345) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ ഏതൊക്കെ; ഇതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കാമോ?

പാരമ്പര്യേതര ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട വികസന ഗവേഷണ പ്രവർത്തനങ്ങൾക്ക് വൈദ്യുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് അനെർട്ട്. അനെർട്ടിന്റെ പ്രധാന പ്രവർത്തന മേഖലകൾ താഴെപ്പറയുന്നു. സൗരോർജ്ജ വൈദ്യുതി ഉത്പാദനം; സൗര താപ ഉപകരണ വ്യാപനം; കാറ്റിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം; ജൈവ ഊർജ്ജ ഉത്പാദനം; പാരമ്പര്യേതര ഊർജ്ജ മേഖലയിലെ ഗവേഷണം; പാരമ്പര്യേതര ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട തൊഴിൽ പരിശീലനം; ബോധവത്കരണ, പ്രചരണ പ്രവർത്തനങ്ങൾ; പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ സംബന്ധിച്ച വിഭവ പഠനം; റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷൻ (RPO) സംബന്ധിച്ച വിവര ശേഖരണവും ക്രോഡീകരണവും; റിന്യൂവബിൾ എനർജി സർട്ടിഫിക്കറ്റ് (REC)

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച അക്രഡിറ്റഡ് എജൻസി; ഇ-മോബിലിറ്റി; ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ്. സംസ്ഥാനത്ത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികളാണ് അനെർട്ട് നടപ്പിലാക്കി വരുന്നത്. ഇതിനായി പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ ഏറ്റവും പ്രധാനപ്പെട്ട സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും സ്ഥാപനങ്ങളിലും വ്യാപകമാക്കുന്നതിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള PM-KUSUM പദ്ധതി സംസ്ഥാനത്ത് വ്യാപകമാക്കുന്നതിനുള്ള പ്രവർത്തനവും അനെർട്ട് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതിയിൽ ഇ-മൊബിലിറ്റിയുടെ പ്രാധാന്യം കണക്കിലെടുത്ത് ഇലക്ട്രിക് കാറുകൾ വ്യാപമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇലക്ട്രിക് കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുള്ള ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സംസ്ഥാനത്ത് കൂടുതലായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന അളവിൽ കാറ്റിന്റെ ലഭ്യതയുള്ള കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുന്നതിനുവേണ്ടിയുള്ള പഠന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങളിൽ നിന്ന് പാചക ഇന്ധനവും, വൈദ്യുതിയും ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യയും അക്ഷയോർജ്ജ മേഖലയിൽ പ്രയോജനപ്പെടുത്തിവരുന്നു. സംസ്ഥാനത്ത് തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനും ഹൈഡ്രജൻ ഇന്ധനം ഗതാഗത രംഗത്ത് പ്രയോജനപ്പെടുത്തുന്നതിനുമുള്ള സാധ്യതകളും പരിശോധിച്ചു വരുന്നു. ഉപഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണ നിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ

സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി അസംബ്ലി നിയോജകമണ്ഡലാടിസ്ഥാനത്തിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രമായ ഊർജ്ജമിത്ര കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ മേഖലയിലെ വിഷയങ്ങൾ സംബന്ധിച്ച് വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് അനെർട്ടും KASE-ഉം (Kerala Academy for Skill Excellence) സംയുക്തമായി ഓൺലൈൻ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും വിവിധ വിഭാഗം ടെക്നീഷ്യന്മാർക്കുള്ള പരിശീലനവും അനെർട്ട് നടത്തിവരുന്നു.

(ബി) അനെർട്ടിന്റെ പ്രവർത്തനങ്ങളിൽ വൈദ്യുതി എത്താത്ത വിദൂരസ്ഥല ഭവനങ്ങൾ വൈദ്യുതീകരിക്കുക, സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വൈദ്യുതി എത്താത്ത വിദൂരസ്ഥലങ്ങളിലെ ഭവനങ്ങൾ വൈദ്യുതീകരിക്കുക, സോളാർ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങൾ മുൻവർഷങ്ങളിൽ അനെർട്ടിന്റെ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തിയിരുന്നു. നിലവിൽ വൈദ്യുതി എത്താത്ത വിദൂരസ്ഥലങ്ങളിലെ 18 അംഗൻവാടികളിൽ വൈദ്യുതി ആവശ്യത്തിനായി അനെർട്ട് മുഖേന സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. അനെർട്ട് സ്ഥല പരിശോധന പൂർത്തിയാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. വൈദ്യുതി എത്താത്ത വിദൂരസ്ഥലങ്ങളിലെ ആദിവാസി കോളനികളിലെ പഠന മുറികൾക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് അനെർട്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥലങ്ങൾ സന്ദർശിച്ച് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം അനെർട്ട് നടത്തിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്റ്റാർട്ട് അപ്പ് അക്ഷയ ഊർജ്ജ സേവനകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; അവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഊർജ്ജമിത്ര എന്ന പേരിൽ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ അനെർട്ടിന്റെ മേൽനോട്ടത്തിൽ 2018-19 വർഷം മുതൽ ആരംഭിച്ചു. നിശ്ചിത നടപടിക്രമങ്ങൾ പാലിച്ച് സ്വകാര്യ സംരംഭകരെയാണ് ഇതിനായി തെരഞ്ഞെടുത്തത്. മൂന്ന് വർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് പ്രവർത്തനം വിലയിരുത്തി മൂന്നാം വർഷം പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതിയുടെ (PMEGP) മാതൃകയിൽ നിശ്ചിത ധനസഹായം അനുവദിക്കുക എന്നതായിരുന്നു പദ്ധതി. സംസ്ഥാന സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് - (സി.എം.ഡി.) നെയാണ് ഊർജ്ജ മിത്ര കേന്ദ്രങ്ങളുടെ പ്രവർത്തനം നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിന് അനെർട്ട് ചുമതല പ്പെടുത്തിയിരിക്കുന്നത്. മൂന്ന് വർഷം പൂർത്തിയാക്കുന്ന സംരംഭത്തിന് സി.എം.ഡി. മുഖേനയുള്ള ഗ്രേഡിംഗ് പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ധനസഹായം നൽകുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. സംരംഭകൻ സാധാരണ വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തിയാണെങ്കിൽ നിയോജകമണ്ഡലത്തിലെ നഗര പ്രദേശത്താണ് സേവന കേന്ദ്രം നടത്തുന്നതെങ്കിൽ അറുപതിനായിരം രൂപയും ഗ്രാമ പ്രദേശത്താണെങ്കിൽ ഒരു ലക്ഷം രൂപയുമാണ് ധനസഹായം നൽകുന്നത്. സംരംഭകൻ എസ്.സി./എസ്.ടി/ഒ.ബി.സി/ന്യൂനപക്ഷം/വനിതകൾ/വിമുക്ത ഭടന്മാർ/ ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗത്തിലാണ് ഉൾപ്പെടുന്നതെങ്കിൽ സേവന കേന്ദ്രം നഗര പ്രദേശത്താണെങ്കിൽ ഒരു ലക്ഷം രൂപയും ഗ്രാമ പ്രദേശത്താണെങ്കിൽ ഒരു ലക്ഷത്തി നാൽപതിനായിരം രൂപയുമാണ് ധനസഹായം നൽകുന്നത്. 140 ഊർജ്ജ മിത്ര കേന്ദ്രങ്ങളിൽ 7 എണ്ണം ഒഴികെ 133 നിയോജകമണ്ഡലങ്ങളിലും നിലവിൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. എനർജി മാനേജ്മെൻറ് സെന്റർ (ഇ.എം.സി) സ്റ്റാർ റേറ്റിംഗ് ഉള്ള വിവിധ വൈദ്യുത ഉപകരണങ്ങളുടെ വിതരണം ഊർജ്ജമിത്ര കേന്ദ്രങ്ങളിലൂടെ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അനെർട്ട് അംഗീകരിക്കുന്ന സർവ്വീസ് ചാർജ്ജ് നിരക്കിൽ ഊർജ്ജമിത്ര കേന്ദ്രങ്ങളെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ പരിപാലനം, വാർഷിക അറ്റകുറ്റപ്പണി കരാർ (AMC) എന്നിവയുടെ ചുമതലകൾ സ്റ്റോർ പർച്ചേസ് മാനുവൽ നിബന്ധനകൾ പാലിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. അനെർട്ട് നടപ്പിലാക്കുന്ന ചില അക്ഷയ ഊർജ്ജ പദ്ധതികളുമായി ബന്ധപ്പെട്ട് അവയുടെ പരിപാലനത്തിനായി ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം വിനിയോഗിച്ചു

വരുന്നുണ്ട്. വാറണ്ടി കാലാവധി കഴിഞ്ഞ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറിംഗിനായി പൊതുജനങ്ങളും വിവിധ സ്ഥാപനങ്ങളും ഈ കേന്ദ്രങ്ങളുടെ സേവനം വിനിയോഗിക്കുന്നുണ്ട്. അംഗീകൃത എം-പാനൽ ഏജൻസികൾ അവരുടെ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും വാറണ്ടി കാലാവധിയിലുള്ള സർവ്വീസും റിപ്പയറും ചെയ്യുന്നതിനും ചില ഊർജ്ജമിത്ര കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. അനെർട്ട് ഈ കേന്ദ്രങ്ങളിലെ 307 ടെക്നീഷ്യന്മാർക്ക് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കോവിഡ് ലോക്ക് ഡൗൺ കാരണം പല കേന്ദ്രങ്ങൾക്കും ആ കാലയളവിൽ തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിരുന്നില്ല. ടെക്നീഷ്യന്മാർക്ക് നിശ്ചയിച്ചിരുന്ന പല ട്രെയിനിംഗ് പരിപാടികളും നടത്താൻ കഴിഞ്ഞിരുന്നില്ല. ഇവർക്ക് ആവശ്യമായ ട്രെയിനിംഗ് പരിപാടികൾ ഈ വർഷം നടത്തുന്നതാണ്. അക്ഷയ ഊർജ്ജ മേഖലയിൽ ആരംഭിച്ച ആദ്യ സംരംഭ പരിപാടി എന്ന നിലയിൽ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ അനെർട്ട് സ്വീകരിക്കുന്നതാണ്.

(ഡി) കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിട്ടത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കാർബൺ ന്യൂട്രൽ ഗവേണൻസ് എന്ന പദ്ധതിയിലൂടെ പ്രധാനമായും ലക്ഷ്യമിട്ടത് സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഉപയോഗിക്കുന്ന വൈദ്യുതി ഘട്ടംഘട്ടമായി സോളാറിലേയ്ക്ക് മാറ്റുക എന്നതും, കൂടാതെ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നിലവിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ ഘട്ടംഘട്ടമായി മാറ്റി പൂർണ്ണമായും ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗിക്കുക എന്നതുമാണ്. സംസ്ഥാനത്തെ വിവിധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ വൈദ്യുതി ആവശ്യത്തിനായി സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനം ഡെപ്പോസിറ്റ് വർക്കായി അനെർട്ട് ചെയ്തുവരുന്നു. കൂടാതെ അനെർട്ടിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പ്രവർത്തനവും നടത്തുന്നു. റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ അനെർട്ട് മുഖേന സംസ്ഥാനത്ത് പൊതുമേഖല/സഹകരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക ആവശ്യത്തിനായി വിനിയോഗിച്ചുവരുന്ന പമ്പുകൾ സൗരോർജ്ജ

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതിയിലേയ്ക്ക് മാറ്റുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-KUSUM സംസ്ഥാനത്ത് കാർബൺരഹിത കൃഷിയിടങ്ങൾ എന്ന ലക്ഷ്യത്തോടെ അനെർട്ട് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിക് മൊബിലിറ്റി വ്യാപകമാക്കുന്നതിന്റെ ആദ്യഘട്ടം എന്ന നിലയിൽ നിലവിൽ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും കരാർ വ്യവസ്ഥയിൽ ഉപയോഗിക്കുന്ന ഡീസൽ, പെട്രോൾ വാഹനങ്ങൾ മാറ്റി അനെർട്ട് വഴി ഇലക്ട്രിക് കാറുകൾ നൽകുന്ന പദ്ധതി ആരംഭിച്ചു. 2020 - 21 വർഷം തുടങ്ങിയ പദ്ധതി പ്രകാരം ഇതുവരെ വിവിധ മോഡലുകളിലുള്ള 123 ഇലക്ട്രിക് കാറുകൾ 18 സർക്കാർ വകുപ്പുകളിലായി അനെർട്ട് നൽകിയിട്ടുണ്ട്. പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ് (E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായിച്ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സ്വകാര്യ സംരംഭകരെക്കൂടി ഇ.വി. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിൽ പങ്കാളികളാക്കാനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ വൈദ്യുതി ഉത്പാദനത്തിന് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്റ്റേഷനുകളിൽ ഇതിനായി അനെർട്ട് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രചരണ, ബോധവത്കരണ പ്രവർത്തനങ്ങൾ വിവിധ മാധ്യമങ്ങളിലൂടെ അനെർട്ട് നടത്തിവരുന്നു.

**കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട് ' വഴി നടപ്പാക്കുന്ന പദ്ധതികൾ**

187(5346) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് 'അനർട്ട് ' വഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly